## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :4815** — **19/05/2017 ൽ മറുപടിയ്ക്ക്**

### കശുവണ്ടി തൊഴിലാളികളുടെ മുടങ്ങി കിടക്കുന്ന പി.എഫ്.വിഹിതം

**ചോദ്യം**
**ശ്രീ.ആർ.രാജേഷ്**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി മേഖലക്കായി 2017-18 ബഡ്ജറ്റിൽ നീക്കിവെച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) | 2017-18 ലെ ബഡ്ജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും, ഭാഗികയന്ത്രവൽക്കരണത്തിനുമായി കശുവണ്ടി വികസന കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ 1 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും ചെയ്തു. ഇതിനു പുറമെ തോട്ടണ്ടി സംഭരണത്തിനായി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനുമായി 30 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനു പുറമെ കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനു വേണ്ടി 20 കോടി രൂപയും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി | അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളുടെ മുടങ്ങിക്കിടക്കുന്ന പി.എഫ് വിഹിതം ഒടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | (ബി) | കാപെക്സിന്റെയും കശുവണ്ടി വികസന കോർപറേഷന്റെയും കീഴിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2010 വരെയുള്ള പി.എഫ്.വിഹിതം നൽകിക്കഴിഞ്ഞു. 2011 മുതലുള്ള പി.എഫ്.കുടിശ്ശിക നൽകുന്നതിനുള്ള നടപടി പരിഗണനയിലാണ്. സ്വകാര്യ ഫാക്ടറികളുടെ കാര്യത്തിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ